**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805** **28-01-2026 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രങ്ങളിൽ സമ്പൂർണ്ണ സ്റ്റോക്ക് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമ്പൂർണ്ണ സ്റ്റോക്ക് പരിശോധന നടത്താൻ തയ്യാറാണോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ക്ഷേത്രങ്ങളിൽ വിലപിടിപ്പുള്ള വസ്തുക്കളുടെ സുരക്ഷയ്ക്കും സുതാര്യമായ മാനേജ്മെന്റിനുമായി എന്തൊക്കെ സംവിധാനങ്ങളാണ് പുതിയതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള 16 സ്ട്രോങ്ങ്റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കളുടെ സമഗ്രമായ പരിശോധനയും ഇൻവെന്ററി തയ്യാറാക്കലും ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സ്ട്രോങ്ങ്റൂമുകളുടെ സുരക്ഷ വിലയിരുത്തുന്നതിനായി ഒരു സമഗ്രമായ സെക്യൂരിറ്റി ആഡിറ്റ് നടത്തുവാൻ സംസ്ഥാന പോലീസ് വകുപ്പിനോട് ആവശ്യപ്പെടുവാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ വിലപിടിപ്പുള്ള ഉരുപ്പടികൾ സൂക്ഷിക്കുന്നതിന് ലോക്കർ സംവിധാനവും സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സി.സി.ടി.വി. സംവിധാനവും മേജർ ക്ഷേത്രങ്ങളിൽ സെക്യൂരിറ്റി സംവിധാനവും ഏർപ്പാടിക്കിവരുന്നുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ അമൂല്യവസ്തുക്കൾ അതാത് ക്ഷേത്ര ഭരണാധികാരികളുടെ ഉത്തരവാദിത്വത്തിൽ അതാത് ക്ഷേത്രത്തിലെ സ്ട്രോങ്ങ്റൂമിലോ ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് ലോക്കറിലോ ആണ് സൂക്ഷിച്ചുവരുന്നതെന്നും അമൂല്യവസ്തുക്കളുടെ വെരിഫിക്കേഷൻ കൃത്യമായ ഇടവേളകളിൽ നടത്തി |

| | | | |
|---|---|---|---|
| | | | വെരിഫിക്കേഷൻ റിപ്പോർട്ട് ക്ഷേത്രഭരണാധികാരികൾക്ക് നൽകുകയും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.<br><br>ഗുരുവായൂർ ക്ഷേത്രം തന്ത്രിയുടെ നോമിനി, സാമൂതിരി രാജയുടെ നോമിനി, മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്/നോമിനി, അഡ്മിനിസ്ട്രേറ്റർ അടക്കമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ബഹു. ഹൈക്കോടതി നിയോഗിച്ച ക്ഷേത്രം സംരക്ഷണ സമിതി പാനൽ അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എല്ലാ മാസവും ഭണ്ഡാരം തുറന്ന് നോട്ടുകൾ, നാണയങ്ങൾ, സ്വർണ്ണം, വെള്ളി മറ്റ് അമൂല്യ വസ്തുക്കൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഡബിൾ ലോക്കറിലേയ്ക്ക് മാറ്റുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തർ വഴിപാടായി നേരിൽ സമർപ്പിക്കുന്ന സ്വർണ്ണം, വെള്ളി ഇനങ്ങൾ രജിസ്റ്ററിൽ ചേർത്ത് കൗണ്ടിംഗ് തീയതി കഴിഞ്ഞിട്ടുള്ള കൺസോളിഡേഷൻ നടത്തുന്ന തീയതിയിൽ ഡബിൾ ലോക്കറിലേയ്ക്ക് മാറ്റുന്നു. ആയത് ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ വിജിലൻസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ